# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2872

20.07.2011-ൽ മറുപടിക്ക്.

## ചെറുവണ്ണൂരിലെ പിയേഴ്സ് ലസ്ളി കമ്പനി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എളമരം കരീം : | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി) |
| (എ) കോഴിക്കോട് ചെറുവണ്ണൂരിലെ പിയേഴ്സ് ലസ്ളി കമ്പനിയുടെ ഭൂമി ഏറ്റെടുക്കാൻ കെ.എസ്.ഐ.ഡി.സി- ക്ക് അനുമതി നൽകിയിട്ടുണ്ടോ ; | (എ) 2009 ജൂൺ 1-ാം തീയതി പുറപ്പെടുവിച്ച ജി.ഒ.(ആർ.റ്റി) നം. 653/2009/വ്യവ. പ്രകാരം കോഴിക്കോട് ജില്ലയിലെ ചെറുവണ്ണൂർ താലൂക്കിലെ പിയേഴ്സ് ലെസ്ലി കമ്പനിയുടെ കൈവശമുള്ള 6.50 ഏക്കർ ഭൂമി ടൂറിസ്റ്റ് റിസോർട്ടും, കൺവെൻഷൻ സെന്ററും സ്ഥാപിക്കുവാൻ വേണ്ടി ഏറ്റെടുക്കുവാൻ കെ.എസ്.ഐ.ഡി.സി-ക്ക് അനുമതി നൽകിയിട്ടുണ്ട്. |
| (ബി) എങ്കിൽ അക്വിസിഷൻ നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; | (ബി) ഭൂമി ഏറ്റെടുക്കുന്നതിന്റെ ചുമതലയുള്ള കൊയിലാണ്ടി താലൂക്കിലെ സ്പെഷ്യൽ തഹസീൽദാർ പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്നതിനു വേണ്ടി 31.62 കോടി രൂപ അടയ്ക്കുവാൻ ആവശ്യപ്പെട്ടിരിക്കുകയാണ്. |
| (സി) എന്നത്തേക്ക് അക്വിസിഷൻ പൂർത്തിയാക്കാനാണുദ്ദേശി--ക്കുന്നത് ? | (സി) ഭൂമി വിലയും അതോടനുബന്ധിച്ചുള്ള മറ്റു ചെലവുകളും വളരെ അധികമായതിനാലും ഇത്രയും വിലയുള്ള ഭൂമിയിൽ ഈ പദ്ധതി സാമ്പത്തികമായി ലാഭകരമായി നടത്താൻ പറ്റാത്ത സാഹചര്യത്തിൽ ഭൂമി വില കുറയ്ക്കുന്നതിനു വേണ്ടി കെ.എസ്.ഐ. ഡി.സി സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. സമീപ പ്രദേശത്തെ ഭൂമി രജിസ്ട്രേഷനുകൾ പരിശോധിച്ചതിലും ഭൂമിയ്ക്ക് കണക്കാക്കിയി--രിക്കുന്ന വില അധികമാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ഇതു കൂടാതെ പഴയ കെട്ടിടങ്ങളുടെ വില റീ എസ്റ്റിമേറ്റ് ചെയ്യുന്നതിനും 5.26 കോടി രൂപയുടെ എസ്റ്റാബ്ലിഷ്മെന്റ് ചാർജ് ഒഴിവാക്കുന്നതിനും സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. മേൽ പറഞ്ഞവയിൽ തീരുമാനമായതിനു ശേഷം മാത്രമേ ഭൂമി ഏറ്റെടുക്കുന്ന നടപടികളുമായി മുന്നോട്ടു പോകാനാകൂ. |

സെക്ഷൻ ഓഫീസർ